# ACADEMIC MASTER PLAN 2025-26
# GHSS MUPPATHADAM



എറണാകുളം ജില്ലയിൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലാണ് മുപ്പത്തടം ഗ്രാമം സ്ഥിതി ചെയ്യുന്നത്.ഈ ഗ്രാമത്തിൻറെ അഭിമാനമായ പൊതുവിദ്യാലയമാണ് മുപ്പത്തടം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ മുപ്പത് തടങ്ങൾ ചേർന്ന പ്രദേശമാണ് മുപ്പത്തടം.തടം എന്നതുകൊണ്ട് മുപ്പത് തറവാടുകളും അതിൻറെ ഭൂപ്രദേശവും എന്നാണ് അർത്ഥമാക്കുന്നത്.പെരിയാറിന്റെ തീരപ്രദേശത്തുള്ള നിർമ്മലവും കാർഷിക പ്രാധാന്യമുള്ളതുമായ മുപ്പത്തടം ഗ്രാമം ഇന്ന് വ്യാവസായിക മേഖലയിലും ഏറെ മുന്നിലാണ്.ഒരു നൂറ്റാണ്ടിൻറെ അഭിമാനാർഹമായ ചരിത്രമാണ് ഈ വിദ്യാലയത്തിന് പറയാനുള്ളത്.വിദ്യാഭ്യാസത്തിനായി ഈ ഗ്രാമവാസികൾ കുടി പള്ളിക്കൂടങ്ങളെ ആശ്രയിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് 1917 ൽ ശ്രീ കരിങ്ങനം കോടത്ത് നാരായണൻ നായർ എന്ന മഹത് വ്യക്തി ഈ വിദ്യാലയം സ്ഥാപിച്ചത്.പിന്നീട് വിദ്യാലയം സ്ഥിതി ചെയ്യുന്ന ഭൂമി അദ്ദേഹം സൗജന്യമായി സർക്കാരിന് നൽകി.1962 ൽ യുപി സ്കൂളായും 1980 ൽ ഹൈസ്കൂൾ ആയും 2004 ൽ ഹയർസെക്കൻഡറി സ്കൂൾ ആയും ഈ വിദ്യാലയം ഉയർത്തപ്പെട്ടു.

ഹൈസ്കൂൾ തലത്തിൽ 13 ഡിവിഷനുകളും യുപി തലത്തിൽ 10 ഡിവിഷനുകളും എൽ പി തലത്തിൽ 11 ഡിവിഷനുകളും പ്രീ പ്രൈമറിതലത്തിൽ 4 ഡിവിഷനും ആണ് ഉള്ളത്.അധ്യാപകരും അനദ്ധ്യാപകരും അടക്കം അമ്പതോളം ജീവനക്കാർ സ്കൂളിൻറെ വളർച്ചയ്ക്ക് കൂട്ടായി എത്തിക്കുന്നു.സജീവമായി ക്ലബ്ബ് പ്രവർത്തനങ്ങളും അധ്യാപക രക്ഷകർ കൂട്ടായ്മയും ഈ വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തുന്നു.

**ക്ലാസ് - 1 to 4**

**അറബിക്**

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **ക്ളാസ്** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|---|
| തെറ്റുകൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു | അക്ഷര വായന<br>ക്ലാസ് വായന<br>ലൈബ്രറി വായന<br>ചിത്ര വായന<br>മാഗസിൻ വായന<br>വീടുവായന<br>കഥാവായന<br>വായനാ മത്സരങ്ങൾ<br>മോണിറ്ററിംഗ്<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>വ്യാകരണങ്ങൾ<br>ഇ-വായന | I-II<br>I-II<br>III-IV<br>1-IV<br>III-IV<br>I-IV<br>III-IV<br>II-III-IV<br>I-IV<br>III-IV<br>I-IV | ജൂൺ - ജൂലൈ<br>ജൂൺ - ഫെബ്രുവരി<br>നവംബർ - ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>പിടിഎ<br>എസ് ആർ ജി |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു<br>ലാംഗ്വേജ് ഗെയിംസ്<br>റോൾപ്ലേ<br>ക്ലാസ് സംഭാഷണം<br>കാർട്ടൂൺ പ്രദർശനം<br>പദസമ്പത്ത് വർദ്ധിപ്പിക്കാൻ<br>ഡ്രാമറ്റൈസേഷൻ | 1-IV<br>I-IV<br>I-IV<br>III-IV<br>I-IV | ജൂലൈ - മാർച്ച്<br>ജൂലൈ - മാർച്ച്<br>ഓഗസ്റ്റ് - ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>പിടിഎ |

| | | | | | |
|---|---|---|---|---|---|
| അറബി ഭാഷ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>കൂട്ടിയെഴുത്ത്<br>അക്ഷരക്കാർഡ് നിർമ്മാണം<br>കയ്യെഴുത്ത് മാസിക<br>ചുമർപത്രിക നിർമ്മാണം<br>ചാർട്ടെഴുത്ത്<br>ചിത്രകഥ നിർമ്മിക്കൽ | III-IV<br>I-II<br>I-II<br>I-II<br>I-II<br>I-II<br>III-IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ<br>~~മാർച്ച്~~<br>~~ഡിസംബർ~~ - സെപ്റ്റംബർ<br>മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ പിടിഎ |
| **Translation**<br><br>Malayalam -Arabic<br><br>Arabic - Malayalam<br><br>Arabic - English<br><br>English - Arabic | | III-IV<br>II-III-IV<br>II-III-IV<br><br>I-IV | June -March | അധ്യാപകർ | |

# CLASS 1

## ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| Enjoy songs and sings them with rhythm and action describe orally about the picture and objects | 1) Introduce symbol words.<br><br>2) Read familiar words.<br><br>3) Provide picture and reading cards.<br><br>4) Prepare reading cards.<br><br>5) English assembly once in a week. | June<br><br>July<br><br>July to October<br><br>October to December<br><br>December to March | SRG<br>CLASS TEACHER |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കളികളിലൂടെയും നിർമ്മാണ പ്രവർത്തനങ്ങളിലൂടെയും ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു | 1) ഗണിത പതിപ്പ് നിർമ്മാണം.<br><br>2) സംഖ്യാ കാർഡ് നിർമ്മാണം.<br><br>3) ഗണിത ആൽബം.<br><br>4) ഗണിത നിർമ്മിതികളുടെ പ്രദർശനം. | ജൂൺ -മാർച്ച്<br><br>ജൂൺ - മാർച്ച്<br><br>ജനുവരി<br><br>ജനുവരി / ഫെബ്രുവരി | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ |

**<u>ഭാഷ</u>**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | കുട്ടിക്ക് കഥ പറയാൻ അവസരം നൽകൽ<br><br>അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br><br>സംയുക്ത ഡയറി എഴുതിപ്പിക്കുന്നു<br><br>ഭിന്ന നിലവാരക്കാർക്ക് ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു | ജൂൺ ജൂലൈ<br><br>ഓഗസ്റ്റ്<br><br>ഓഗസ്റ്റ് സെപ്റ്റംബർ ജനുവരി മാസം വരെ<br><br>ജൂലൈ മാസം മുതൽ ഇത് ആവർത്തിക്കുന്നു | ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>എസ് എം സി<br>സ്കൂൾ വികസന സമിതി<br><br>ക്ലാസ് ടീച്ചർ SRG<br>മദർ PTA |

**<u>പരിസര പഠനം</u>**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ<br><br>പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ഭക്ഷ്യമേള പ്രദർശനം<br>നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും<br><br>പുഷ്പോദ്യാനം<br>ഔഷധത്തോട്ടം<br>ചുറ്റുവട്ടത്താകെ | ജൂൺ -ജൂലൈ<br>ഓഗസ്റ്റ്<br><br>ഡിസംബർ-ജനുവരി | ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>എസ് എം സി<br><br>എസ് ആർ ജി<br>എസ് എം സി |

# CLASS 2

## ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുരാനുള്ള അവസരമൊരുക്കൽ | Let's talk<br><br>ഇംഗ്ലീഷ് അസംബ്ലി<br><br>Reading Skills<br><br>newspaper reading<br>Library books<br>Writing Skills<br>Make Word web<br>Picture Description<br>Word Chain, Sentence Chain<br>Riddles, Conversation<br><br>Add more Lines<br>Develop Story etc. | മൂന്ന് മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന്<br><br>June - March | SRG<br>CLASS TEACHER<br>SMC | SSA |

**MATHS**

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക. | * എല്ലാ കുട്ടികൾക്കും ഗണിത കിറ്റ് ഉറപ്പാക്കുന്നു.<br><br>* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br><br>രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br><br>* സ്ഥാനവില തിരിച്ചറിയൽ<br><br>*സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ. | ജൂൺ രണ്ടാം ആഴ്ച തൊട്ട് മാർച്ച് വരെ. |
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.<br><br>കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക | സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br><br>വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളെ ചിത്രീകരിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ<br><br>കഥാപൂരണം<br><br>* പങ്കാളിത്ത പാഠങ്ങൾ<br><br>ചിത്രവിവരണം<br><br>* പാട്ടരങ്ങ്<br><br>* പ്രകൃതി. നടത്തം<br>*<br>* യാത്രാവിവരണം .<br><br>* വായിച്ച പുസ്തകങ്ങളിലെ* ആശയം ഇഷ്ടമുള്ള രീതിയിൽ<br>* രംഗാവിഷ്കാരം നടത്തൽ. | മാർച്ച് വരെ |

**<u>മലയാളം</u>**

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | ചിത്ര വായന<br>ചിത്രകാർഡ് നിർമ്മാണം<br>അവതരണം<br><br>വായനയ്ക്കും ഭാഷണത്തിനുമുള്ള ക്ലാസ് തല അവസരങ്ങൾ<br><br>കഥ ഊഹിച്ചു പറയൽ<br><br>റോൾ പ്ലേ<br>കഥ പൂർത്തിയാക്കൽ<br><br>പങ്കാളിത്ത പാഠങ്ങൾ(ചിത്രം, വീഡിയോ എന്നിവ പ്രദർശിപ്പിച്ച്)<br><br>ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ | ജൂൺ ആദ്യ ആഴ്ച |
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക | കുട്ടികളുടെ പുസ്തകപരിചയ പരിപാടി<br><br>വായിച്ച കഥയെ ചിത്രകഥകൾ ആക്കൽ<br><br>സംഭാഷണം ആക്കൽ<br><br>ചോദ്യങ്ങൾ ഉണ്ടാക്കൽ | ജൂലൈ മുതൽ |

# CLASS 3

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക<br><br>പ്രകൃതി വിഭവ സംരക്ഷണം<br><br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക<br><br>ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | കണ്ടെത്താം<br><br>അറിയാം<br><br>ലഘുപരീക്ഷണങ്ങൾ<br><br>കണ്ടെത്തുന്നു<br><br>കുറിപ്പ് തയ്യാറാക്കൽ<br><br>ജൈവവൈവിധ്യ പാർക്ക്<br><br>തടയണ<br><br>മഴക്കുഴി നിർമ്മാണം<br><br>ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br><br>പ്രകൃതി നടത്തം<br><br>ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br><br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാർച്ച് | സയൻസ് അധ്യാപകർ |

**<u>ഭാഷ</u>**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാം.<br><br>മലയാളം എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും കഴിയുന്നതിന്<br><br>വായനാ പരിപോഷണം | കവികളെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം<br><br>പുസ്തക ശേഖരണവും പ്രദർശനവും<br><br>ICT ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കുന്നത്<br>പൊതുസമൂഹമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>വായനക്കളരി<br>നാട്ടു വായന-പ്രാദേശിക എഴുത്തുകാരുമായിട്ടുള്ള സംവാദം | ജൂൺ<br><br>ജൂൺ ഡിസംബർ<br><br>ജനുവരി നവംബർ | അധ്യാപകർ എസ് എം സി<br><br>മദർ പിടിഎ<br>ക്ലബ്ബുകൾ<br>വായനശാല<br>എസ് എം സി<br>എസ് ആർ ജി<br>സാഹിത്യ ക്ലബ്ബ് | SMC<br><br>SMC |

**<u>ഇംഗ്ലീഷ്</u>**

| ലക്ഷ്യം | പ്രവർത്തനം |
|---|---|
| വായന ആശയം അറിയും ഒഴുക്കോടെയും | വാർത്താ വായന മത്സരം സംഘടിപ്പിക്കൽ |

# CLASS IV

**EVS**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | | | | |
| നിരീക്ഷണം-അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | ആവശ്യാനുസരണം | HM, CPTA | PTA |
| ശാസ്ത്ര മൂല | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM, SRG, CLASS TEACHER | PTS, SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ ഫോക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | ആവശ്യാനുസരണം | HM, SRG, CPTA ,CLASS TEACHER | PTA, രക്ഷിതാക്കൾ |
| ഭൂപടമരുക്കാം | | | | |
| കേരളം -ഇന്ത്യ-ഭൂപട വായന-സൂചിക പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം | വർഷത്തിലൊരിക്കൽ | SRG, CLASS TEACHER | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ | ആവശ്യാനുസരണം | HM, SRG, CLASS TEACHER | PTA |

| | | | | |
|---|---|---|---|---|
| | എന്നിവ പ്രദർശിപ്പിക്കൽ | | | |
| ശാസ്ത്രോത്സ വം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം പരീക്ഷണം, പഠനോപകര ണം ഇവയുടെ പ്രദർശനം | വർഷത്തിലൊ രിക്കൽ | | |

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിക്കാം ഗണിക്കാം | | | | |
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി) സങ്കലനം വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ പ്രദർശനം. | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM ക്ലാസ് ടീച്ചർ SRG | PTA |
| ഗണിത ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | | |

| | | | | |
|---|---|---|---|---|
| ഗണിത മേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

**<u>മലയാളം</u>**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷ പരമായി മുന്നോട്ടുനിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| വായിക്കാം വളരാം | | | | |
| * വായനാ ശേഷി വളർത്തൽ | . ക്ലാസ് വായനക്കൂട്ടം<br>. ക്ലാസ് ലൈബ്രറി ഒരിക്കൽ<br>.പുസ്തക പരിചയം<br>. വായനാക്കുറിപ്പ്<br>. ആസ്വാദനക്കുറിപ്പ്<br>. പുസ്തക സംവാദം<br>. ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>CLASS TEACHER<br>CPTA | PTA |
| എഴുതാം തെളിയിക്കാം | | | | |
| | | | | |
| * എഴുത്ത് പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| * ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | * സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ്സ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം | | | | |
| * അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ(ICT) | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |
| രുചിച്ചറിയാം | | | | |
| * നമ്മുടെ പ്രാചീന( നാടൻ ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | * ഭക്ഷ്യമേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമാണം ക്ലാസിൽ ഒരു സദ്യ | വർഷത്തില ൊന്ന് | SRG<br>ക്ലാസ്സ് ടീച്ചർ<br>PTA | |
| വായിക്കാം അഭിമാനിക്കാം( സാഹിത്യകാരന്മാർ) | | | | |
| * സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | * ഓർമ്മ ദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം- പുസ്തകപരിചയം - ക്വിസ്, ലഘു സംഭാഷണം, ജീവിതരേഖ തയ്യാറാക്കാൻ പതിപ്പ് നിർമാണം- പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ്സ് ടീച്ചർ<br>PTA | |
| കലക്കൂട്ട്<br>* പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ- നേരിട്ടറിയിൽ | * പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്, കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തില ൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ്സ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| * സർഗോത്സവം<br>* ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | * കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തില ൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ്സ് ടീച്ചർ | PTA |

**ENGLISH**

| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഭാഷാ പഠനം | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
| *ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി കുട്ടികൾ തന്നെ അസംബ്ലി നടത്തുന്നു | വർഷം മുഴുവൻ | CLASS TEACHER |
| ENGLISH DIARY തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | വീട്ടിലും വിദ്യാലയത്തിലും നിത്യേന നടക്കുന്ന പ്രവർത്തനങ്ങൾ. | ആഴ്ചയിൽ 3 ദിവസം | CLASS TEACHER |
| ENGLISH THEATER സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കൽ Skit, Drama, Story telling etc. | മാസത്തിലൊരിക്കൽ | CLASS TEACHER |
| ENGLISH MAGAZINE സർഗാത്മക രചനാ ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | 3 മാസത്തിലൊരിക്കൽ | HM CLASS TEACHER SMC |
| ഇംഗ്ലീഷ് കയ്യെഴുത്ത് | സ്കൂളിലെ വിശേഷ ദിവസങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കൾക്ക് കത്തെഴുതൽ | മാസത്തിലൊന്ന് | CLASS TEACHER |
| ENGLISH CORNER വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ENGLISH CORNER വായന വേള ഒരുക്കൽ. | രണ്ടാഴ്ചയിൽ ഒന്ന് | CLASS TEACHER |
| ENGLISH FEST . ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ . ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം വളർത്തൽ | വായനാമത്സരം രചനാമത്സരം | അവധിക്കാലം | TEACHER PARENTS |

## UP SECTION

**U P** മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യപ്പി ന്തുണ നൽകുക. | മലയാളം എഴുതാനും വായിക്കാനും കുട്ടികളിൽ താൽപര്യം ജനിപ്പിക്കാനായി ക്ലാസ് റൂമിൽ പ്രത്യേകമായി വിവിധ ചാർട്ടുകൾ, കയ്യെഴുത്തു പ്രതികൾ, ലഘു പുസ്തകങ്ങൾ, പഠനസഹായികൾ എന്നിവയുടെ സഹായത്തോടെ സജ്ജീകരിക്കുക.പിയർ ഗ്രൂപ്പ് കുട്ടികളുടെ സഹായം തേടുക. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകൻ, മലയാളം അധ്യാപകർ, പിയർ ഗ്രൂപ്പ് |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | യുപി ക്ലാസുകളിലേക്ക് ആയി നോട്ടീസ് ബോർഡ് തയ്യാറാക്കി അതിൽ ചൊല്ലുകൾ കടങ്കഥകൾ എന്നിവയെ എഴുതി തയ്യാറാക്കുക. പങ്കെടുക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുക. പത്രവാർത്തകൾ കുറഞ്ഞത് അഞ്ചെണ്ണം തയ്യാറാക്കി അതാത് ക്ലാസ് ടീച്ചേഴ്സിനെ വായിച്ചു കേൾപ്പിക്കുക. | എല്ലാ ദിവസവും | ക്ലാസ് അധ്യാപകർ മലയാളം അധ്യാപകർ. |
| പഠിതാവിൽ അർത്ഥപൂർണ്ണമാ യ വായന ഉറപ്പാക്കുക | അസംബ്ലിയിൽ ഒരാഴ്ചത്തെ പത്രവാർത്ത യുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.വായിച്ച പുസ്തകത്തിന്റെ ആസ്വാദനം പറയാൻ അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു തവണ | മലയാളം അധ്യാപകർ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠപുസ്തക പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ചത് അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു തവണ | മലയാളം അധ്യാപകർ |

**U P** ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കേൾക്കാനും പറയാനുമുള്ള അവസരം നൽകുന്നു. | ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡുകൾ വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം. | ഇംഗ്ലീഷ് അധ്യാപകർ |
| ഭാഷയുടെ അടിസ്ഥാനശേഷികളിൽ പ്രധാനമായ സംസാരശേഷി മെച്ചപ്പെടുത്താനും പരിപോഷിപ്പിക്കുന്നതിനും ആയ പ്രവർത്തനങ്ങൾ ചെയ്യുന്നു | ചെറിയ സംഭാഷണങ്ങൾ പഠിപ്പിക്കുകയും അവരുടെ തന്നെ സംഭാഷണങ്ങൾക്കുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു | അക്കാദമിക വർഷം. | ഇംഗ്ലീഷ് അധ്യാപകർ, പിയർ ഗ്രൂപ്പുകൾ. |
| കേട്ടുകൊണ്ട് വായിക്കുക എന്ന രീതി പരിശീലിപ്പിക്കുന്നു. ആശയസംവേദനം, പദസമ്പത്ത് വളർത്തുക എന്നിവ പ്രാപ്തരാക്കുന്നു | പത്രം ആഴ്ചപ്പതിപ്പ് എന്നിവയുടെ തലക്കെട്ട് വായന പരിശീലിപ്പിക്കുന്നു. ക്ലാസ് സ്കൂൾ പ്രവർത്തനങ്ങൾ സംഭവങ്ങൾ എന്നിവ വാർത്തയായി അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഇംഗ്ലീഷ് അധ്യാപകർ |
| സാഹിത്യകൃതികളുടെ വായനക്ക് വേണ്ടി ആകർഷകവും ലളിതവുമായി പുസ്തകങ്ങൾ പരിചയപ്പെടുന്നു ചിലത് നവമാധ്യമങ്ങളുടെ സഹായത്തോടെ കാണിക്കുന്നു. | വ്യത്യസ്ത തലത്തിലുള്ള വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. കുട്ടികളിൽ താൽപര്യം ജനിക്കുന്ന ചെറിയ  കഥകൾ കൊടുക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് ഭാഷ അധ്യാപകർ |
| സർഗാത്മക രചനയെ പ്രോത്സാഹിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. | "My written expressions" ഡയറി എഴുതുക തുടങ്ങി കുട്ടികളുടെ സർഗ്ഗരചനകളുടെ ഒരു കളക്ഷൻ തയ്യാറാക്കുന്നു.<br><br>ഓരോ ക്ലാസ്സിന്റെയും മുമ്പിൽ സൂചന ബോർഡുകളും പോസ്റ്ററുകളും നോട്ടീസ് ബോർഡുകളും സ്ഥാപിക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് ഭാഷ അധ്യാപകർ |

**U P** ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടുത്തൽ | അക്ഷര ചാർട്ടുകൾ തയ്യാറാക്കൽ | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക |
| എല്ലാ കുട്ടികളേയും തിരിച്ചറിയുകയും, പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നു. | ICT യുടെ സഹായം | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക |
| എഴുത്ത്, വായന, ഉച്ചാരണം എന്നിവ ഉറപ്പിക്കൽ | രസകരവും, ലളിതവുമായ റെക്കോഡുകൾ വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക |

**U P -** സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | സ്കൂൾ ലാബ് നവീകരണം ശാക്തീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | ശാസ്ത്ര ദിനാചരണങ്ങൾ | അക്കാദമിക വർഷം | |
| | ശാസ്ത്രോത്സവം സംഘടിപ്പിക്കുക | സെപ്റ്റംബർ | |
| | പഠനയാത്രകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | |
| | അസംബ്ലിയിൽ ഒരു പരീക്ഷണം അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | |
| ശാസ്ത്രവും ആധുനിക സാങ്കേതിക വിദ്യയുമായി ബന്ധിപ്പിക്കുക | 5, 6, 7, ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐസിടി വിഭവങ്ങൾ തയ്യാറാക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്ര സർഗാത്മകത വർധിപ്പിക്കുക | ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യം ഉണ്ടാക്കിയെടുക്കുക | പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി നിർമാർജനം ചെയ്യുന്നു. ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. വിദ്യാലയത്തിലും കുട്ടികളുടെ വീടുകളിലും പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമാണം പരിപാലനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുക | ഭക്ഷ്യമേള സംഘടിപ്പിക്കുക | ഒക്ടോബർ | സയൻസ് അധ്യാപകർ, ക്ലാസ് അധ്യാപകർ |

**U P -** സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടിയുടെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് വിവിധ തരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുന്നു<br>ദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ |
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു<br>സ്കൂൾ പാർലമെൻറ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ |
| | | | |

| | | | |
|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടുന്നതിന് ബോധവാന്മാർ ആക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ |
| വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോയേഴ്സിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്ന ഈ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന് രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ |

**U P –** ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതശേഷി ഉറപ്പിക്കുക | ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>പ്രീ ടെസ്റ്റ് | അക്കാദമിക വർഷം | ഗണിത ശാസ്ത്ര അധ്യാപകർ |
| ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ഗണിത ലാബ് നവീകരണം<br>ഗണിത മേള പ്രദർശനം | അക്കാദമിക വർഷം | ഗണിത ശാസ്ത്ര അധ്യാപകർ |
| ഗണിതാസ്വാദനം വർദ്ധിപ്പിക്കുക | ഗണിത ക്വിസ്<br>ഗണിതം മധുരം ക്യാമ്പുകൾ<br>ഗണിത ക്ലബ്ബിന്റെ പ്രവർത്തനം സജ്ജമാക്കുക-<br>പസിൽസ്,നമ്പർ ചാർട്ട്,<br>കുസൃതി കണക്ക് മത്സരങ്ങൾ<br>ഗണിത പതിപ്പുകൾ -മാഗസിൻ | അക്കാദമിക വർഷം | ഗണിത ശാസ്ത്ര അധ്യാപകർ |
| ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്ന ഗണിതശേഷികൾ നേടുന്നതിനുള്ള കഴിവുകൾ വർദ്ധിപ്പിക്കുക | കുട്ടികൾക്ക് സ്വയം പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സജ്ജമാക്കുക<br>ഉപകരണ നിർമ്മാണ ശില്പശാല,ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | അക്കാദമിക വർഷം | ഗണിത ശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | അസംബ്ലിയിൽ ഒരു പരീക്ഷണം | ജൂൺ - മാർച്ച് | Science Club |
| | ശാസ്ത്ര ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | |
| | ശാസ്ത്രോത്സവം സംഘടിപ്പിക്കുക | സെപ്റ്റംബർ | |
| | പഠനയാത്രകൾ സംഘടിപ്പിക്കുക | ജൂൺ - മാർച്ച് | |
| | സ്കൂൾ ലാബ് നവീകരണം ശാക്തീകരണം | ജൂൺ - മാർച്ച് | |
| ശാസ്ത്രവും ആധുനിക സാങ്കേതിക വിദ്യയുമായി ബന്ധിപ്പിക്കുക | 5, 6, 7, ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐസിടി വിഭവങ്ങൾ തയ്യാറാക്കുക | ജൂൺ - മാർച്ച് | Science Teachers |
| ശാസ്ത്ര സർഗാത്മകത വർധിപ്പിക്കുക | ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | Science Club |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യം ഉണ്ടാക്കിയെടുക്കുക | പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി നിർമാർജനം ചെയ്യുന്നു<br><br>കുട്ടികളുടെ വീടുകളിൽ പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമാണം പരിപാലനം | ജൂൺ - മാർച്ച് | Science Club |
| ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുക | ഭക്ഷ്യമേള സംഘടിപ്പിക്കുക | ഒക്ടോബർ | Science Club |

## <u>അറബിക്</u>

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br>കുട്ടികളിൽ വായന പ്രോൽ സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർ ത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം (ജൂൺ - നവംബർ)<br>സെപ്റ്റംബ ർ- നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങ ൾ<br>അധ്യാപകർ | ബി.ആ ർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർ ത്ഥികൾ<br>സ്പോൺ സർഷിപ്പ് |
| <u>എഴുത്ത്</u><br>എഴുത്ത് എഴുതാനുള്ള കഴിവ് വികസിപ്പിക്കുക.<br>അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർ മ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾ ക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | നവംബർ- ഡിസംബർ<br>ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ് | അധ്യാപക ർ<br>പൂർവ്വ വിദ്യാര്ത്ഥി കൾ<br>സ്പോൺ സർഷിപ്പ് |
| <u>അറിവിൻ തിളക്കം</u><br>അറബിയിൽ അറിവ് നേടുക | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | ജുലൈ - ആഗസ്റ്റ് | | അധ്യാപക ർ<br>പൂർവ്വ വിദ്യാര്ത്ഥി കൾ<br>സ്പോൺ സർഷിപ്പ് |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | മാസാന്ത ക്വിസ് കാർ ണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയില് നിക്ഷേപിക്കുന്നു.അതിൽ | | സ്റ്റേജ്, സൗണ്ട് ബോക്സ്<br>പോസ്റ്ററുകൾ, | അധ്യാപക ർ |

| | | | | |
|---|---|---|---|---|
| <u>ദിനാചരണങ്ങൾ</u><br><br><u>ആസ്വാദനം</u><br><br><u>അറബിക് ലാംഗ്വേജ് ലാബ്</u><br><br><u>അറബിക് ഫെസ്റ്റ്</u> | നിന്ന് ശരിയുത്തരം കണ്ടെത്തി ഒരാൾക്ക് സമ്മാനം നൽകുന്നു.<br><br>പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു.<br><br>പ്രധാന ദിനാചരണങ്ങൾ ആചരിക്കുന്നു. അറബിക് പോസ്റ്ററുകൾ പ്രദർ ശിപ്പിക്കുന്നു.<br><br>ഐറ്റി സാധ്യതകൾ ഉപയോഗിച്ച് കഥ കവിത, ആനിമേഷൻ ഫിലിം എന്നിവ സംഘടിപ്പിക്കുന്നു.<br><br>തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബി ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ, ഫിലിം എന്നിവ പ്രദർശിപ്പിക്കുന്നു. | നവംബർ<br><br>ജനുവരി-ഫെബ്രുവരി<br><br>ഡിസംബർ | സിഡി, കംപ്യൂട്ടർ, ടിവി, പ്രൊജക്ടർ<br><br>സിഡി, കംപ്യൂട്ടർ, ടിവി, പ്രൊജക്ടർ<br><br>സിഡി, കംപ്യൂട്ടർ, ടിവി, പ്രൊജക്ടർ | അധ്യാപക ർ<br><br>അധ്യാപക ർ<br><br>അധ്യാപക ർ |

# HS SECTION

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| • എല്ലാ കുട്ടികൾ ക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമു ള്ള ശേഷി വികസിപ്പിക്കൽ.<br><br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br><br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br><br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമ ◌ുള്ള അവസരം നൽകുക.<br><br>• എല്ലാ കുട്ടികളും അർത്ഥപൂർ ണമായി വായിക്കുന്നുവെ ന്ന്<br>ഉറപ്പ് വരുത്തുക.<br><br>• സാഹിത്യാഭിരുചി വളർത്തുന്ന | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതി നു<br>ള്ള പ്രവർ ത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാച രണം / അസംബ്ലി<br><br>നിഘണ്ടു നിർ മാണം,<br>മാഗസിൻ നിർ മാണം,<br>ദിനാചരണങ്ങൾ,<br>പോസ്റ്റർ നിർ മാണം,<br>കഥ – ഉപന്യാസം രചിക്കൽ &<br>അവതരണം etc...<br>• വിവിധസാഹിത്യശ ◌ാഖകളെ പരിചയപ്പെടുത്ത ൽ,<br>കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിച്ച ◌ു<br>കൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc....<br>• വിവിധ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ |

| | | | |
|---|---|---|---|
| പ്രവർത്തങ്ങൾ<br><br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ | കലാരൂപങ്ങളുടെ demonstration | | |

- സംസ്കൃതം ലൈബ്രറി

  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- സംസ്കൃത ദിനാചരണം

  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- സംസ്കൃത അസംബ്ലി

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- പഠനയാത്രകൾ സംഘടിപ്പിക്കൽ

  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിഷിക്കൽ.

- വിവിധ മത്സരങ്ങൾ

  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- മികച്ച വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം,. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ

  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

**ഫിസിക്സ്**

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
